പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2126 — 5/5/2017 ൽ മറുപടിക്ക്

## കന്നുകാലി കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ചോദ്യം — മറുപടി

ശ്രീ. അബ്ദുൽ ഹമീദ് പി: — അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | വിവിധ പകർച്ചവ്യാധികളും രോഗങ്ങളും മൂലം കേരളത്തിൽ കന്നുകാലി വളർത്തൽ ആദായകരമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കന്നുകാലികർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ലെന്ന ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | കന്നുകാലികളിലെ രോഗബാധമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾ നികത്താനായി സംസ്ഥാന സർക്കാർ സമഗ്രമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം. 512/2016/എഎച്ച്ഡി, തീയതി 29/11/2016 പ്രകാരം പുറപ്പെടുവിച്ചു. 2017-18 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കാനായി 5 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം ഒരു ലക്ഷത്തോളം കന്നുകാലികളെ ഇൻഷ്വർ ചെയ്യാൻ ലക്ഷ്യമിടുന്നു. കൂടാതെ പേവിഷബാധ, ആന്ത്രാക്സ്, പാമ്പിൽ നിന്നുള്ള വിഷബാധ, അപകടങ്ങൾ തുടങ്ങിയവ മൂലമുള്ള കന്നുകാലികളിലെ മരണത്തിന് ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകി വരുന്നു. 2017-18 വർഷം 1 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ